<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
ഹയർ സെക്കന്ററി പരീക്ഷ വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം-01

നം. **HSE/5256/2026-Exam I-2** തീയതി: **01-03-2026**

## <u>സർക്കുലർ</u>

വിഷയം:- ഹയർ സെക്കന്ററി പരീക്ഷ മാർച്ച് **2026** - പരീക്ഷാ മോണിറ്ററിംഗ് - **KITE: QTrack** മൊബൈൽ ആപ്പ് - സംബന്ധിച്ച്.

ഈ വർഷം മുതൽ ഹയർ സെക്കന്ററി പരീക്ഷ നടത്തിപ്പിൽ ചോദ്യപ്പേപ്പർ പാക്കറ്റ് തുറക്കുന്നതുമുതൽ പരീക്ഷ പൂർത്തിയാക്കി ഉത്തരക്കടലാസുകൾ മൂല്യനിർണയ ക്യാമ്പിലേക്ക് അയക്കുന്നതുവരെയുള്ള കാര്യങ്ങൾ ട്രാക്ക് ചെയ്യുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി പൊതുവിദ്യാഭ്യാസവകുപ്പിനുവേണ്ടി കൈറ്റ് തയ്യാറാക്കി നൽകിയിട്ടുള്ള മൊബൈൽ ആപ്പ് സംവിധാനമാണ് **KITE: QTrack.**

എല്ലാ ചീഫ്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും **04/03/2026** നു മുമ്പായി **Android** ഫോണിലെ **Play store**-ൽ നിന്നും **KITE: QTrack** ആപ്പ് ഇൻസ്റ്റാൾ ചെയ്ത് ലോഗിൻ ചെയ്യേണ്ടതാണ്. ശേഷം പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള ചീഫ്/ഡെപ്യൂട്ടി ചീഫ് നിയമനം ലഭിച്ച സ്കൂൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള ചീഫ്/ഡെപ്യൂട്ടി ചീഫ് നിയമനം ലഭിച്ച സ്കൂൾ സംബന്ധിച്ച വിവരങ്ങളിൽ വ്യത്യാസം ഉള്ളതായി കാണുന്ന പക്ഷം ഹയർ സെക്കന്ററി പരീക്ഷാ വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

പരീക്ഷാദിവസങ്ങളിൽ ചീഫ് സൂപ്രണ്ടുമാർ **QTrack** ആപ്പിൽ ചെയ്യേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- പരീക്ഷാ ദിവസങ്ങളിൽ പരീക്ഷ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപായി ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും ചേർന്ന് ടൈംടേബിൾ പ്രകാരമുള്ള അന്നത്തെ വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ അലമാരയിൽ നിന്ന് പുറത്തെടുക്കാവുന്നതാണ്.

തുടർന്ന് ഓരോ വിഷയത്തിന്റെയും ചോദ്യപേപ്പറുകൾ പ്രത്യേകം വേർതിരിച്ച് ക്രമീകരിക്കുകയും, ഇപ്രകാരം ക്രമീകരിച്ച എല്ലാ പാക്കറ്റുകളും ബന്ധപ്പെട്ട വിഷയത്തിന്റേതാണെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശേഷം ചീഫ് സൂപ്രണ്ട് **QTrack** ആപ്പിൽ ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രദർശിപ്പിക്കപ്പെടുന്ന അന്നത്തെ പരീക്ഷകളുടെ പേരിനോടൊപ്പം കാണുന്ന **'Scan QR here'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓരോ വിഷയത്തിന്റെയും ഓരോ ചോദ്യപേപ്പർ പാക്കറ്റ് വീതം സ്കാൻ ചെയ്ത് **'Verified'** എന്ന മെസേജ് ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- എക്സാം ആരംഭിച്ച് അര മണിക്കൂറിനുള്ളിൽ **'Exam started'** എന്ന ചോദ്യത്തിന് ടിക് മാർക്ക് നൽകി എക്സാം സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
- തുടർന്ന് ഓരോ വിഷയത്തിന്റെയും ആകെ പാക്കറ്റുകളുടെ എണ്ണവും തുറന്ന പാക്കറ്റുകളുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്.
- പരീക്ഷ കഴിഞ്ഞതിനുശേഷം അരമണിക്കൂറിനുള്ളിൽ **'Exam finished?'** എന്ന ചോദ്യത്തിൽ ടിക് മാർക്ക് നൽകി എക്സാം സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
- ഉത്തരക്കടലാസുകൾ അന്നേ ദിവസം വൈകുന്നേരത്തിനു മുൻപായി മൂല്യ നിർണ്ണയ ക്യാമ്പിലേക്ക് അയച്ചു നൽകേണ്ടതും തുടർന്ന് ആപ്പിലെ **Answer script sent to Camp?'** എന്ന ചോദ്യത്തിന് ഉത്തരം നൽകി അതിനോട് കൂടി ചോദിച്ചിട്ടുള്ള **Answer Script date & time, track id, weight** എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്. ഉച്ചയ്ക്ക് ശേഷം നടക്കുന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം തന്നെ മൂല്യ നിർണ്ണയ ക്യാമ്പിലേക്ക് അയച്ചു നൽകാൻ കഴിയാത്തപക്ഷം തൊട്ടടുത്ത ദിവസം ഉച്ചയ്ക്ക് മുമ്പായി അയച്ചു നൽകേണ്ടതും തുടർന്ന് ഈ വിവരങ്ങൾ അന്ന് തന്നെ ആപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- പരീക്ഷകൾക്കിടയിൽ നടക്കുന്ന **Malpractice, Technical issues,** സ്ക്വാഡ് കണ്ടെത്തുന്ന **malpractice** തുടങ്ങിയവ ഉണ്ടായാൽ അതാത് സമയം തന്നെ ചീഫ്/ഡെപ്യൂട്ടി ചീഫ് ' **incidents**' എന്ന ബട്ടൺ ഉപയോഗിച്ച് റിമാർക്കോടുകൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- തെറ്റായി സ്കാൻ ചെയ്ത ചോദ്യപേപ്പർ പൊട്ടിക്കുകയോ, പൊട്ടിച്ച് വിതരണം ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം നിർബന്ധമായും ചീഫ് /ഡെപ്യൂട്ടി ചീഫ് ' **Incidents**' ആയി മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണം.

ചീഫ് സൂപ്രണ്ടിന് **QTrack** മൊബൈൽ ആപ്പ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിടുന്ന പക്ഷം മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ അപ്ഡേറ്റുകളും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് തന്റെ ലോഗിനിൽ നിന്നും ചെയ്യേണ്ടതാണ്.

**QTrack** മൊബൈൽ ആപ്പിന്റെ ഹെൽപ് ഗൈഡ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആപ്പിന്റെ പ്രവർത്തനം വിശദമാക്കുന്ന വീഡിയോ കൈറ്റ് വിക്ടേഴ്സ് യുട്യൂബ് ചാനലിൽ ലഭ്യമാണ്. കൂടാതെ **QTrack** മൊബൈൽ ആപ്പിന്റെ പരിശീലനം ജില്ലാടിസ്ഥാനത്തിൽ ഓൺലൈനായി കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. **QTrack** മൊബൈൽ ആപ്പുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും **KITE** ജില്ലാ ഓഫീസുമായും ബന്ധപ്പെടാവുന്നതാണ്.

Digitally signed by
K Manickaraj
Date: 01-03-2026
11:50:04

ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം)

<u>സ്വീകർത്താവ്:</u>

1) എല്ലാ പ്രിൻസിപ്പൽമാർക്കും/ ചീഫ് സൂപ്രണ്ടുമാർക്കും/ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും.

<u>പകർപ്പ്:</u>

1) സി.ഇ.ഒ., കൈറ്റ്

2) എല്ലാ ആർ.ഡി.ഡി മാർക്കും.

3) ഡി.ഡി/എ.ഡി, പരീക്ഷാ വിഭാഗം

4) എല്ലാ ജില്ലാ കോഓർഡിനേറ്റർമാർക്കും

# KITE :QTrack User Guide for Chief and Deputy Chief

ഈ വർഷം മുതൽ ഹയർ സെക്കണ്ടറി പരീക്ഷ നടത്തിപ്പിൽ ചോദ്യപ്പേപ്പർ പാക്കറ്റ് തുറക്കുന്നതുമുതൽ പരീക്ഷ പൂർത്തിയാക്കി ഉത്തരക്കടലാസുകൾ മൂല്യനിർണയ ക്യാമ്പിലേക്ക് അയക്കുന്നതുവരെയുള്ള കാര്യങ്ങൾ ട്രാക്ക് ചെയ്യുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി പൊതുവിദ്യാഭ്യാസവകുപ്പിനുവേണ്ടി കൈറ്റ് തയ്യാറാക്കി നൽകിയിട്ടുള്ള മൊബൈൽ ആപ്പ് സംവിധാനമാണ് KITE: QTrack.

Play store ൽ നിന്നും **KITE:QTrack** app Android phone ൽ install ചെയ്തശേഷം പരീക്ഷാദിവസങ്ങളിൽ ചീഫ്/ഡെപ്യൂട്ടി ചീഫ് ആപ്പിൽ ചെയ്യേണ്ട കാര്യങ്ങൾ താഴെപ്പറയുന്നു :





- Chief/Deputy Chief അവരുടെ പെൻ നമ്പർ, മൊബൈൽ നമ്പർ, OTP എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യുക. OTP മൊബൈലിലും ഇ-മെയിലിലും ലഭ്യമായിരിക്കും
- Home page ൽ current date, session അന്നത്തെ പരീക്ഷകൾ ഇവ പ്രദർശിപ്പിക്കപ്പെടും.
- പരീക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മുതൽ ചോദ്യപേപ്പർ പാക്കറ്റുകൾ സ്കാൻ ചെയ്യാവുന്നതാണ്. അതിനായി മൊബൈൽ


ആപ്പിലെ വിഷയത്തിന്റെ പേരിനോടൊപ്പം കാണുന്ന 'Scan QR here' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

- തുടർന്ന് അന്ന് നടക്കുന്ന വിഷയങ്ങളുടെ Question paper പാക്കറ്റുകളിൽ നിന്നും ഒരു വിഷയത്തിന്റെ പാക്കറ്റിന്റെ പുറത്തുള്ള QR code സ്കാൻ ചെയ്യുക.
- കൃത്യമായ പാക്കറ്റാണ് സ്കാൻ ചെയ്യുന്നതെങ്കിൽ 'verified' എന്ന മെസേജ് ബോക്സ് ദൃശ്യമാകും.








- തുടർന്ന് അന്നത്തെ മറ്റ് എല്ലാ വിഷയങ്ങളുടേയും ഓരോ പാക്കറ്റ് വീതം ഇതുപോലെ സ്കാൻ ചെയ്ത് 'verified' എന്ന മെസേജ് ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.





- കൃത്യമായ വിഷയം അല്ല സ്കാൻ ചെയ്തതെങ്കിൽ 'error' മെസേജ് display ചെയ്യുന്നതായിരിക്കും. കൂടാതെ ഈ വിവരം exam cell ലേക്ക് ഒരു Incident ആയി റിപ്പോർട്ട് ചെയ്യപ്പെടും.


- തുടർന്ന് കൃത്യസമയത്ത് എക്സാം ആരംഭിക്കാവുന്നതാണ്.
- എക്സാം ആരംഭിച്ച് അര മണിക്കൂറിനുള്ളിൽ 'Exam started' എന്ന ചോദ്യത്തിന് ടിക് മാർക്ക് നൽകി എക്സാം സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.





- ഓരോ വിഷയത്തിന്റെയും ആകെ പാക്കറ്റുകളുടെ എണ്ണവും തുറന്ന പാക്കറ്റുകളുടെ എണ്ണവും രേഖപ്പെടുത്തി 'save' button ക്ലിക്ക് ചെയ്യേണ്ടതാണ്.




- എക്സാം കഴിഞ്ഞതിനുശേഷം അരമണിക്കൂറിനുള്ളിൽ 'Exam finished?' എന്ന ചോദ്യത്തിൽ ടിക് മാർക്ക് നൽകി എക്സാം സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.





- ‘Answer script sent to Camp?’ എന്ന ചോദ്യത്തിന് ഉത്തരം നൽകി അതിനോട് കൂടി ചോദിച്ചിട്ടുള്ള Answer Script പോസ്റ്റ് ചെയ്ത date & time, track id, weight എന്നിവ രേഖപ്പെടുത്തി save button അമർത്തുക. ഈ വിവരങ്ങൾ രേഖപ്പെടുത്താൻ പരീക്ഷ കഴിഞ്ഞ് അടുത്ത ദിവസം വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.





- പരീക്ഷ കഴിഞ്ഞ് അടുത്ത ദിവസമാണ് Answer script post ചെയ്യുന്നതെങ്കിൽ മൊബൈൽ ആപ്പിലെ ഹോം പേജിലെ date തലേദിവസമാക്കി select ചെയ്യുക. Answer script sending date post ചെയ്ത ദിവസമാക്കി സെറ്റ് ചെയ്യുക. തുടർന്ന് Track no & weight എന്നിവ രേഖപ്പെടുത്തി save ചെയ്യുക.

- പരീക്ഷകൾക്കിടയിൽ നടക്കുന്ന Malpractice, Technical issues, സ്ക്വാഡ് കണ്ടെത്തുന്ന malpractice, മറ്റ് എന്തെങ്കിലും സന്ദർഭങ്ങൾ എന്നിവയുണ്ടായാൽ അതാത് സമയം തന്നെ ചീഫ്/ഡെപ്യൂട്ടി ചീഫ് ‘incidents’ എന്ന ബട്ടൺ ക്ലിക്ക് ചെയ്തതിനുശേഷം new button അമർത്തി incident കൾ റിമാർക്കോടുകൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.




**തെറ്റായി സ്കാൻ ചെയ്ത ചോദ്യപേപ്പർ പൊട്ടിക്കുകയോ, പൊട്ടിച്ച് വിതരണം ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം നിർബന്ധമായും ചീഫ് /ഡെപ്യൂട്ടി ചീഫ് ‘Incidents’ ആയി മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണം.**